LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം മണ്ഡലത്തിലെ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം

137 (734) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ വേങ്ങര, കണ്ണമംഗലം എ.ആർ.നഗർ എന്നീ പഞ്ചായത്തുകളിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് കുറ്റൂർ നോർത്ത് നിവാസികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) മറ്റു പദ്ധതികളിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ഈ പ്രദേശത്തേയ്ക്ക് മാത്രമായി ഒരു പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കുറ്റൂർ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉത്തരമേഖലാ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

(സി) മറ്റു പദ്ധതികളിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സാധിക്കാത്ത സാഹചര്യമായതിനാലാണ് ഈ പ്രദേശത്തേയ്ക്ക് മാത്രമായി ഒരു പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

മീനാട് കുടിവെള്ള പദ്ധതി

138 (735) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനാട് കുടിവെള്ള പദ്ധതിയോടനുബന്ധിച്ചുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് ;

(സി) മീനാട് പദ്ധതിയോടനുബന്ധിച്ച് വാളകത്ത് സ്ഥാപിച്ചിട്ടുള്ള ടെലിമെട്രിക് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല

(ബി) മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാലു പാക്കേജുകളായിട്ടാണ് നടപ്പിലാക്കി വരുന്നത്. ഓരോ പാക്കേജിലും അവശേഷിക്കുന്ന പണികൾ താഴെപ്പറയും പ്രകാരമാണ്.

പാക്കേജ് 1 (ഇൻടേക്ക് വെൽ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്).

അവശേഷിക്കുന്ന പണികൾ

1. ഇൻസ്ട്രുമെന്റേഷൻ
2. ലാന്റ് സ്കേപ്പിംഗ്
3. അവസാനഘട്ടം മിനുക്കു പണികൾ
4. ട്രയൽ റണ്ണിംഗ് പൂർത്തീകരണം

പാക്കേജ് II (79.8 കി.മീ ട്രാൻസ്മിഷൻ പൈപ്പ് ലൈൻ)

അവശേഷിക്കുന്ന പണികൾ

1. ഇൻസ്ട്രുമെന്റേഷൻ
2. ക്ലോറിനേഷൻ യൂണിറ്റുകൾ
3. ഫ്ളഷിംഗ്, ട്രയൽ റണ്ണിംഗ് പൂർത്തീകരണം

പാക്കേജ് III (920 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ)

അവശേഷിക്കുന്ന പണികൾ

1. 200 കി.മീ ഡിസ്ട്രിബ്യൂഷൻ പൈപ്പുകൾ സ്ഥാപിക്കുന്ന ജോലി
2. ഇതുവരെ പൂർത്തീകരിച്ച 720 കി.മീ പൈപ്പ് ലൈനുകളിലെ ഗ്യാപ്പ് ക്ലോസിംഗ് വർക്കുകൾ
3. ഫ്ളഷിംഗ്/കമ്മീഷണിംഗ്
4. പരവൂർ -മയ്യനാട് റെയിൽവേ ക്രോസിംഗ്
5. വീടുകൾക്കുള്ള വാട്ടർ കണക്ഷനുകൾ

പാക്കേജ് IV (14 റിസർവോയറുകൾ, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, കാർട്ടേഴ്സ്)

14 റിസർവോയറുകളുടെയും പണികൾ പൂർത്തീകരിച്ചുകഴിഞ്ഞുവെങ്കിലും അവസാനഘട്ട മിനുക്കു പണികൾ ചെയ്യാനുണ്ട്.

(സി) വാളകത്ത് സ്ഥാപിക്കുന്ന ടെലിമെട്രിക് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു.

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണ തോതിൽ 31-5-2012ൽ കമ്മീഷൻ ചെയ്യാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly